**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **11-02-2025 - ൽ മറുപടിയ്ക്ക്**

**നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യബന്ധന ബോട്ടുകളിൽ നിരോധിത പെലാജിക് വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. പെലാജിക് ട്രോൾ വല ഉൾപ്പെടെയുള്ള നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്ന വിഷയം ചർച്ച ചെയ്യുന്നതിന് 30-10-2024ന് മന്ത്രിതലത്തിൽ ഒരു യോഗം ചേർന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പെലാജിക് ട്രോൾ വലകൾ ഉൾപ്പെടെയുള്ള നിരോധിത വലകൾ ഉപയോഗിച്ച് അനധികൃതമായി മത്സ്യബന്ധനം നടത്തുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുമെന്നതിനാൽ പരിശോധന നടത്തി നിയമ ലംഘനത്തിനെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കർശന പരിശോധന നടപടികൾ സ്വീകരിക്കാൻ തീരദേശ ജില്ലകൾക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈൽ അപ്പുറത്തുള്ള EEZ ൽ നിരോധിത വലകളും നിരോധിത മത്സ്യബന്ധന രീതികളും നിയന്ത്രിക്കുന്നതിന് അടിയന്തരമായി നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നു. |
| (സി) | അനധികൃത വലകൾ ഉപയോഗിക്കുന്ന ബോട്ടുകളെ കണ്ടെത്തുന്നതിന് വ്യാപകമായ പരിശോധന നടത്താനും നടപടി സ്വീകരിക്കാനും തയ്യാറാകുമോ; എങ്കിൽ വിശദമാക്കുമോ? | (സി) | പെലാജിക് ട്രോൾ വല ഉൾപ്പെടെയുള്ള നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 30-10-2024 ന് മന്ത്രിതലത്തിൽ ഒരു യോഗം ചേർന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തീര പ്രദേശത്ത് 12 നോട്ടിക്കൽ മൈലിനകത്തും കൂടാതെ 12 നോട്ടിക്കൽ മൈലിന് പുറത്തും മത്സ്യ സമ്പത്തിന് ദോഷകരമായിട്ടുള്ള പെലാജിക് ട്രോൾ വലകളും മറ്റ് നിരോധിത വലകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം പൂർണ്ണമായും ഒഴിവാക്കണം എന്നും, |

നിയമലംഘനത്തിനെതിരെ കർശന നടപടി സ്വീകരിയ്ക്കണം എന്നും തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കർശനമായ പരിശോധന നടപടികൾ സ്വീകരിയ്ക്കാൻ തീര ദേശ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന 12 നോട്ടിക്കൽ മൈലിനപ്പുറത്തുള്ള EEZ ൽ നിരോധിത വലകളും നിരോധിത മത്സ്യബന്ധന രീതികളും നിയന്ത്രിയ്ക്കുന്നതിന് അടിയന്തിരമായി നിയമനിർമ്മാണം നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നു. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ മത്സ്യബന്ധന ബോട്ടുകൾ കേരളത്തിന്റെ തീരക്കടലിൽ അനധികൃതമായി കടന്നുകയറി നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതും തീരക്കടലിലും, EEZ ലും പെലാജിക് ട്രോൾ വലകൾ, പെയർ ട്രോളിംഗ്, ലൈറ്റ് ഫിഷിംഗ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതും വിലക്കണമെന്ന് ആവശ്യപ്പെട്ട് രണ്ട് സംസ്ഥാനങ്ങളിലെയും മത്സ്യബന്ധന വകുപ്പുകൾക്ക് കത്ത് നൽകിയിട്ടുമുണ്ട്. പെലാജിക് ട്രോൾ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, പെയർട്രോളിംഗ്, ലൈറ്റ് ഫിഷിംഗ് എന്നിവയുടെ ദോഷവശങ്ങളെക്കുറിച്ചും പ്രത്യാഘാതങ്ങളെക്കുറിച്ചും മത്സ്യബന്ധന മേഖലയിലുള്ളവരെ ബോധ്യപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും, അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ബോധവത്കരണം നടത്തുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ ടി നടപടികൾ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതവലകൾ ഉപയോഗിക്കുന്നത് തടയുന്നതിനുള്ള നടപടികൾ ഹാർബറുകൾ കേന്ദ്രീകരിച്ച് സ്വീകരിക്കുകയും, വാഹനങ്ങളിൽ കൊണ്ടുപോകുന്ന നിരോധിത വലകൾ പിടിച്ചെടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

പെലാജിക് ട്രോൾവല ഉൾപ്പെടെയുള്ള അനധികൃത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്ന ബോട്ടുകളെ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി കണ്ടുകെട്ടി നിയമപ്രകാരമുള്ള പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, മത്സ്യത്തൊഴിലാളി

| | | | |
|---|---|---|---|
| | | | പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, സാമുദായിക നേതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയും ഇത്തരക്കാരെ നിയന്ത്രിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. KMFR Act, KMFR Rule എന്നിവയുടെ അടിസ്ഥാനത്തിൽ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിൽ അവയെ നിരീക്ഷിയ്ക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) / വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) ഘടിപ്പിയ്ക്കുന്നത് നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഇത്തരം നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ട്. പ്രധാന ഹാർബറുകളിൽ നിരീക്ഷണം ശക്തമാക്കുന്നതിനായി CCTV സ്ഥാപിയ്ക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. ഇതിനകം 10 ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ 'നഭമിത്ര' അപ്ലിക്കേഷൻ മുഖാന്തരം യാനങ്ങളെ നിരീക്ഷിക്കുന്നതിനും ഇരു വശങ്ങളിലേക്കും ആശയ വിനിമയം നടത്തുന്നതിനുമായി പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 6000 മത്സ്യബന്ധന യാനങ്ങളിൽ Transponder ഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിലായി പെലാജിക് വല ഉൾപ്പെടെ നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിയ 18 യാനങ്ങളെ കണ്ടുകെട്ടുകയും 38.10 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ